പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5469 | 24.05.2017 ൽ മറുപടിയ്ക്ക്

## ഭരണപരിഷ്കരണ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ഭരണ പരിഷ്കരണ കമ്മീഷൻ ചെയർമാന് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്ന കാര്യത്തിൽ തീരുമാനമെടുത്തോ; | (എ) തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതു പദവിയുടെ ശമ്പളവും ആനുകൂല്യങ്ങളുമാണ് അദ്ദേഹത്തിന് ലഭിക്കുക; | (ബി) ക്യാബിനറ്റ് മന്ത്രിയുടെ പദവിയിലുള്ള ശമ്പളവും ആനുകൂല്യങ്ങളുമാണ് അദ്ദേഹത്തിന് ലഭ്യമാകുന്നത്. |
| (സി) നിയമന തീയതി മുതൽ മുൻകാല പ്രാബല്യം ആനുകൂല്യങ്ങൾക്ക് ഉണ്ടാകുമോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ അദ്ദേഹത്തിന് എത്ര രൂപ ഈ വിധം ആനുകൂല്യമായി ലഭിക്കും; | (ഡി) 05.05.2017 ലെ സ.ഉ.(കൈ)നം.11/2017/ ഉ.ഭ.പ.വ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത ഉത്തരവുപ്രകാരം ചെയർമാന്റെ പ്രതിമാസ ശമ്പളം അലവൻസ് ഉൾപ്പെടെ 54,441/- രൂപ (അൻപത്തി നാലായിരത്തി നാനൂറ്റി നാൽപ്പത്തി ഒന്ന് രൂപ മാത്രം)യാണ്. കൂടാതെ യാത്രാബത്തയ്ക്കും അർഹതയുണ്ട്. |
| (ഇ) കമ്മീഷനിൽ എത്ര അംഗങ്ങൾ ഉണ്ട്; അവർ ആരൊക്കെയാണ്; ഇവർക്ക് ഏത് പദവിയിലാണ് നിയമനം നൽകിയിട്ടുള്ളത്; ഇവർ ഓരോരുത്തർക്കും നൽകുന്ന ആനുകൂല്യങ്ങൾ എത്രയാണ്; | (ഇ) കമ്മീഷനിൽ ചെയർമാനെ കൂടാതെ 2 അംഗങ്ങൾ ഉണ്ട്. ശ്രീ.സി.പി.നായർ ഫുൾ ടൈം അംഗമായും ശ്രീമതി നീലാ ഗംഗാധരൻ പാർട്ട് ടൈം അംഗമായും പ്രവർത്തിയ്ക്കുന്നു. ചീഫ് സെക്രട്ടറിയുടെ പദവിയാണ് അംഗങ്ങൾക്ക് നൽകിയിട്ടുള്ളത്. ഇവർക്ക് നൽകേണ്ടുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള തീരുമാനം പരിഗണനയിലാണ്. |

| | |
|---|---|
| (എഫ്) ഏതു വകുപ്പിനു കീഴിലാണ് കമ്മീഷൻ പ്രവർത്തിക്കുക; കമ്മീഷൻ അംഗങ്ങൾ കൂടാതെ മറ്റ് എത്ര പേർ കമ്മീഷനിൽ ജീവനക്കാരായി ഉണ്ടാകും; ഇവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (എഫ്) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിലാണ് ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തിച്ചുവരുന്നത്. 30.08.2016 ലെ സ.ഉ.(എം.എസ്) നം.21/2016/ഉ.ഭ.പ.വ. നമ്പർ ഉത്തരവുപ്രകാരം കമ്മീഷൻ ഓഫീസിൽ 17 ജീവനക്കാരുടെ തസ്തികകളും (5 ദിവസവേതനക്കാർ ഉൾപ്പെടെ) ചെയർമാന്റെ പേഴ്സണൽസ്റ്റാഫിൽ 12 തസ്തികകളും അനുവദിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കനുവദിച്ചിട്ടുള്ള ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക ബത്ത, നഗര ബത്ത മുതലായ ആനുകൂല്യങ്ങൾക്ക് ഇവർക്ക് അർഹതയുണ്ട്. ദിവസ വേതന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് 26.02.2016-ലെ സ.ഉ.(പി) നം.28/2016/ ധന, 28.04.2017 ലെ സ.ഉ.(അച്ചടി) നം. 56/2017/ധന എന്നീ ഉത്തരവുകൾ പ്രകാരമുള്ള വേതനമാണ് നൽകുന്നത്. |
| (ജി) കമ്മീഷന്റെ ഒരു മാസത്തെ പ്രവർത്തനത്തിന് മൊത്തം എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ജി) കമ്മീഷന്റെ ഒരു വർഷത്തെ പ്രവർത്തന ചെലവായി 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് ആകെ 2,64,03,000/- രൂപ (രണ്ട് കോടി അറുപത്തിനാല് ലക്ഷത്തി മൂവായിരം രൂപ മാത്രം) ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഓരോ മാസവും ആവശ്യമായി വരുന്ന ചെലവിനനുസരിച്ചാണ് ഇതിൽനിന്നും തുക വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ.വി.എസ്.അച്ചുതാനന്ദന്റെ ശമ്പളവും ആനുകൂല്യങ്ങളും നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്**

സ.ഉ. (കൈ)നം. 11 /2017/ഉ.ഭ.പ.വ *തിരുവനന്തപുരം, തീയതി, 05.05.2017.*

---

പരാമർശം: 1) 06.08.2016 ലെ G.O.(Ms)No.16/2016/P&ARD നമ്പർ സർക്കാർ ഉത്തരവ്

2) 30.08.2016 ലെ G.O.(Ms)No.21/2016/P&ARD നമ്പർ സർക്കാർ ഉത്തരവ്

3) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയുടെ 20.12.2016 ലെ 24/APS/ARC/2016 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനുമായി പരാമർശം (1) ലെ സർക്കാർ ഉത്തരവുപ്രകാരം ശ്രീ.വി.എസ്.അച്ചുതാനന്ദൻ എം.എൽ.എ. ചെയർമാനായും ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ എന്നിവർ അംഗങ്ങളായും നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുകയും പരാമർശം (2)ലെ സർക്കാർ ഉത്തരവുപ്രകാരം കമ്മീഷന്റെ വ്യവസ്ഥകളും നിബന്ധനകളും തീരുമാനിക്കുകയുമുണ്ടായി.

2) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ.വി.എസ്.അച്ചുതാനന്ദന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളും നിശ്ചയിക്കണമെന്ന് പരാമർശം (3)ലെ കത്തുപ്രകാരം ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭയുടെ സാധൂകരണത്തിന് വിധേയമായി ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളും The Payment of Salaries and Allowances Act, 1951 (Act XIV of 1951) പ്രകാരം ചുവടെ വിവരിക്കുംവിധം നിശ്ചയിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. പ്രതിമാസ ശമ്പളം - 1000 രൂപ
   ഡി.എ - 1000 രൂപ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ അനുവദനീയമായ നിരക്കിലുള്ള ഡി.എ.
   പ്രതിമാസ നിയോജകമണ്ഡലബത്ത -12000/- രൂപ
   [ആക്ടിലെ സെക്ഷൻ 3 പ്രകാരം]
2. തിരുവനന്തപുരം സിറ്റിയ്ക്കകത്തും 8 കിലോമീറ്റർ ചുറ്റളവിലും യാത്ര ചെയ്യുന്നതിനായി ഇന്ധന ചെലവിനായി പ്രതിമാസം 10500/- രൂപ
   (ആക്ടിലെ സെക്ഷൻ 6 (2) പ്രകാരം)
3. യാത്രാബത്ത - ആക്ടിന്റെ ഷെഡ്യൂളിൽ പറയും പ്രകാരമുള്ള യാത്രാബത്ത
   (ആക്ടിലെ സെക്ഷൻ 7 (1),(3) പ്രകാരം)

**മറ്റ് സൗകര്യങ്ങൾ**

1. തിരുവനന്തപുരം സിറ്റിയ്ക്കകത്ത് വാടക നൽകാതെ എല്ലാ സൗകര്യങ്ങളോടും കൂടിയ വീട്. (സെക്ഷൻ 5 പ്രകാരം)

2. മന്ത്രിമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഏതെങ്കിലും സർക്കാർ ആശുപത്രിയിലെ സൗജന്യ ചികിത്സയും സർക്കാർ ഡോക്ടറുടെ സൗജന്യ സേവനവും. കൂടാതെ സർക്കാർ ആശുപത്രി അല്ലാത്ത ആശുപത്രിയിലെ ചികിത്സയ്ക്കും ഡോക്ടറുടെ സേവനത്തിനും ചെലവാകുന്ന തുക സർക്കാർ തിരികെ നൽകുന്നതാണ്. (സെക്ഷൻ 5A പ്രകാരം)

3. പൊതുകാര്യങ്ങൾക്കായി യാത്രചെയ്യുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾക്ക് അപകട ഇൻഷ്വറൻസ്. (സെക്ഷൻ 5B പ്രകാരം)

4. കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന അനുയോജ്യമായ യാത്രാസൗകര്യം.

(സെക്ഷൻ 6 പ്രകാരം)

5. പൊതുകാര്യങ്ങൾക്കായി തിരുവനന്തപുരം സിറ്റിയിൽ നിന്നും 8 കിലോ മീറ്ററിൽ കൂടുതലുള്ള യാത്രകൾക്ക് മേൽപ്പറഞ്ഞ സൗകര്യം കൂടാതെ ഏതെങ്കിലും സർക്കാർ യാത്രാ സൗകര്യം കൂടി വിനിയോഗിക്കാവുന്നതാണ്. (സെക്ഷൻ 6(3) പ്രകാരം)

6. സർക്കാരിന്റെ ബോട്ടുകൾ സൗജന്യമായി ഉപയോഗിക്കാവുന്നതാണ്.

(സെക്ഷൻ 6A പ്രകാരം)

7. പരമാവധി 15000 രൂപ വരെ ഒരു സാമ്പത്തിക വർഷത്തിൽ പുസ്തകങ്ങൾ വാങ്ങിയതിന് തിരികെ ലഭിക്കുന്നതാണ്. (സെക്ഷൻ 8C പ്രകാരം)

4) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ.വി.എസ്.അച്യുതാനന്ദൻ ചുമതലയേറ്റ 18.08.2016 മുതൽ നിയമസഭാംഗമെന്ന നിലയിലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും കൈപ്പറ്റുന്നില്ലെന്ന വ്യവസ്ഥയിൽ മേൽവിവരിച്ച ആനുകൂല്യങ്ങൾക്ക് അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതുസംബന്ധിച്ച ചിലവുകൾ 2017-18 ധനകാര്യ വർഷത്തിലെ "2052-00-092-81" എന്ന ശീർഷകത്തിൽ വകയിരുത്തുന്നതാണ്. ചെയർമാന്റെ ഭരണസംബന്ധിയായ വിഷയനിർവ്വഹണ ചുമതല ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജീത് രാജൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ.വി.എസ്.അച്യുതാനന്ദൻ എം.എൽ.എ, ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
മെമ്പർ സെക്രട്ടറി, ഭരണപരിഷ്കാര കമ്മീഷൻ
പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
ധനകാര്യവകുപ്പ് (424388/വ്യയം. എ 3/131/2017-ധന നം.കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Jeni R

സെക്ഷൻ ഓഫീസർ